

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



**ICC Bulletin Vol. 4. 3** **www.iccvienna.org** **September- October 2009**

# Message of the Chaplain

പുതിയൊരു പ്രവർത്തന–അദ്ധ്യയന വർഷംകൂടി ദൈവം നമുക്ക് ദാനമായി നൽകുകയാണല്ലൊ. നന്ദിയോടും, ഉണർവ്വോടും, പ്രതീക്ഷയോടുംകൂടെ നമുക്ക് ഈ കർമ്മ–പരിപോഷണ വർഷത്തിലേയ്ക്ക് പ്രവേശിക്കാം.

ഈയടുത്ത കാലങ്ങളിൽ നമ്മെ സന്ദർശിക്കുവാനെത്തിയ അഭിവന്ദ്യ പിതാക്കന്മാർ നമ്മുടെ ഇടവകയ്ക്കും, കുടുംബങ്ങൾക്കും നൽകിയ സന്ദേശങ്ങൾ ഉത്തരവാദിത്വ ബോധത്തോടെ പ്രാവർത്തികമാക്കുവാൻ നമുക്ക് ശ്രമിക്കാം. യൂറോപ്പിലെ പ്രവാസി കത്തോലിക്കാ വിശ്വാസികളായ നമ്മൾ ശ്രദ്ധിക്കേണ്ട മൂന്നു് കാര്യങ്ങൾ അഭിവന്ദ്യ പിതാക്കന്മാർ നമ്മെ ഓർമ്മിപ്പിക്കുകയുണ്ടായി: 1). നമ്മുടെ വിശ്വാസ സാക്ഷ്യം. 2). നമ്മുടെ തലമുറകളുടെ വിശ്വാസ പരിശീലനം. 3). നമ്മുടെ കുടുംബജീവിത മാതൃക.

നമ്മുടെ പ്രവാസി ജീവിതത്തിൽ മുൻഗണനാർഹമായ ഈ ദൗത്യങ്ങൾ തീഷ്ണതയോടെ നമ്മൾ നിർവ്വഹിക്കുമെങ്കിൽ അവ ഇവിടത്തെ തദ്ദേശീയരായവരുടെ വിശ്വാസ ജീവിതത്തിനും, കുടുംബ ജീവിതഭദ്രതയ്ക്കും ഉപകാരപ്രദമായ ശക്തമായ മിഷണറി സാക്ഷ്യമാകും.

മതനിഷേധത്തിന്റേയും, സഭാവിരോധത്തിന്റേയും ആത്മീയ നിസ്സംഗതയുടേയും അതിപ്രസരം അതിശയകരമായി വളർന്നുകൊണ്ടിരിക്കുന്ന ഇവിടത്തെ സാമൂഹ്യ, വിദ്യാഭ്യാസ, മതാത്മക മണ്ടലങ്ങളിൽ അനുദിനം ഇടപഴകിക്കൊണ്ടിരിക്കുന്ന നമ്മുടെ കുട്ടികൾക്കും, യുവതീയുവാക്കൾക്കും അവരറിയാതെതന്നെ അവരിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്ല്യത്തകർച്ചയുടേയും ഈശ്വരനിഷേധത്തിന്റേയും, കത്തോലിക്കാ വിശ്വാസ രാഹിത്യത്തിന്റേയും ‘‘മാർഗ്ഗഭ്രംശങ്ങൾ’’ തിരിച്ചറിയുവാനും ജീവന്റേയും പ്രകാശത്തിന്റേയും രക്ഷാസമൃദ്ധിയുടേയും ‘‘നേർവഴി’’യിലൂടെ മുന്നേറി ജീവിതസാഫല്ല്യം നേടി ജീവധാതാവായ ദൈവത്തിലെത്തുവാനും നമുക്കും നമ്മുടെ യുവതലമുറകൾക്കും ഇപ്പോൾ ഇവിടെ ലഭിക്കുന്ന എല്ലാ സാദ്ധ്യതകളേയും അവസരങ്ങളേയും നമുക്ക് നന്നായി ഉപയോഗിക്കാം.

## Please note the following points for your earnest consideration:

1. **Sunday Malayalam Mass** is the most important event of the Malayalee life and culture. Kindly give utmost priority in your personal life and in your family to attend the Malayalam Mass either in Maria Lourdes or in Stadlau Chapel even if it is not easy to reach there every Sunday.

2. **Catechetical formation** of the Malayalee Catholic Children is a very serious responsibility of the Malayalee Parents and of the Malayalee Catholic Parish. The ICC expects every Catholic Malayalee Family in the Archdiocese of Vienna to cooperate with its catechetical training and faith formation of the Malayalee children from the age of 6 years. Kindly motivate your children and your Catholic Malayalee friends to fulfill this important task of the parental and parish responsibility.

3. Kindly prepare your teenaged and post-teenaged youth to enter into a future state of marital or non-marital life according to the Vision of the Catholic Church. Clarity of this vision and practical guidance from parents will definitely help your children to lay a solid foundation of their future life. Motivate your post-teenaged sons and daughters to select a most **compatible** spouse if they wish for a marital life. The utmost spousal compatibility (പൊരുത്തം) means also the compatibility of the Catholic Family Culture – for the Knanaya members of the Knanaya Catholic Family Culture - of both the bridegroom and the bride.

ദൈവം നമ്മെ ഓരോരുത്തരേയും നമ്മുടെ കുടുംബങ്ങളേയും നമ്മുടെ ഇടവകയേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

Chaplain: P. Thomas Thandappilly CST

## Note the following Events

6th September, Sunday: ICC Catechism Classes begin in Meidling at 10. 45 AM: in Stadlau at 4. 45PM.
- Novena to St. Alphonsa in Meidling after the Mass; in Stadlau before the Mass.

11th Sept. Friday: Visit of Mar Joseph Pandarassery, Auxiliary Bishop of Archdiocese of Kottayam. Reception to the Bishop at 5.45 PM and Holy Mass at 6.00PM in Stadlau Kapelle. All are welcome.

12th Sept. Saturday: Beginning of Classes in Kairaly Nikethan new School at Ebendorferstrasse 8, 1010 Wien (between Rathaus and Votive Kirche) with the new classical dance teacher Ms. Kumudini Kaindel for senior students.

13th Sept. Sunday: Liturgy Committee Meeting after the Malayalam Mass at 6.45 PM in Stadlau.

18th Sept. Friday: Plenary Council of the ICC Parish Committee at 7. 30 PM in Maria Lourdes. Theme for discussion: Liturgy of the ICC

3rd October, Saturday: Pilgrimage to Mariazell of ICC Women. Last date for registration: 20. 9. 2009.

9th Oct., Friday: Meeting of the Pilgrims to Isreal at 5.00PM in Stadlau. Copy of the passport of all participants ( Indian + Austrian) will be collected in Meidling by Johnson and in Stadlav by Paul.

10th Oct. Saturday: Marriage Encounter Programme for ICC young couples (till 5 years of married life), at 10. 00 Am in Stadlau Kapelle, guided by P. Thomas Vadathumukalel TOR.

11th Oct. Sunday: Celebration of the Feast of St. Alphonsa on the occasion of her Centenary and Annual Day of Canonization. Solemn Malayalam Mass, Litany, Procession, Eucharistic Blessing and Agape, beginning at 2.30 PM in Maria Lourdes Meidling. No Malayalam Mass in Stadlau on 11th Oct.
You are welcome to bring items like Samosa, Vada, Parippuvada, Cutlet and Pazham Pori as Opferspeise to St. Alphonsa for the Agape.
Catechism Prizes of the last academic year will be given after the liturgical celebrations.

18th Oct. Mission Sunday: Malayalam Liturgy in Latin Rite to be organized by the ICC Youth in Stadlau at 5. 30 PM. Regular Sunday Malayalam Mass at 11. 30AM in Maria Lourdes.

24th , 25th, 26th Oct. ICC Youth Convention in World Youth Center Mödling. ICC Youth above 13 years.

Marriage Preparation Course : on 19th , 20th , 21st November 2009 from 2 PM to 6 PM.
In Maria Lourdes, Tivoligasse – 20. A-1120 Wien

Bible Competition – 2009: Written Test on 22nd November, 2009 after the Malayalam Mass both in Maria Lourdes and in Stadlau for a period of 50 minutes.
Subject for the Written Test: the following words coming in verses of the four Gospels of the POC edition of the Malayalam Bible: ജീവൻ, പ്രകാശം, കൃപ, സ്നേഹം, സത്യം, വഴി, ആത്മാവ്, രക്ഷ, ഭാഗ്യം, പിതാവ്, മാതാവ്, പുത്രൻ, സ്വർഗ്ഗം, ശിഷ്യർ, സമാധാനം.

### വൈദീകർക്കുവേണ്ടിയുള്ള പ്രാർത്ഥന

**നിത്യപുരോഹിതനായ യേശുവെ, ശുശ്രൂഷാ പൗരോഹിത്യത്തിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്ന എല്ലാ വൈദികരേയും സ്നേഹത്തോടും നന്ദിയോടുംകൂടെ അങ്ങേ തിരുഹൃദയത്തിന് ഞങ്ങൾ സമർപ്പിക്കുന്നു. വിശുദ്ധ കൂദാശകൾ പരികർമ്മം ചെയ്യുകയും, തിരുവചനം പ്രഘോഷിക്കുകയും, അജപാലന ശുശ്രൂഷ നടത്തുകയും ചെയ്യുന്ന അങ്ങയുടെ അഭിഷിക്തരെ ശാരീരികവും, മാനസീകവും, ആത്മീയവുമായി വിശുദ്ധിയിൽ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യേണമെ. അങ്ങേ പൗരോഹിത്യത്തിന്റെ മഹനീയമുദ്ര പതിച്ചിരിക്കുന്ന അവരുടെ ഹൃദയങ്ങളെ സ്നേഹവും, കരുണയും, കൃപയും കൊണ്ട് നിറയ്ക്കണമെന്നും അവരുടെ ശുശ്രൂഷ ലഭിക്കുന്നവർക്ക് അങ്ങയെ അനുഭവിക്കുവാനും, ശ്രവിക്കുവാനും, നിത്യസൗഭാഗ്യം നേടുവാനും അനുഗ്രഹം നൽകണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*